## പതിനാലാം കേരളനിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 1495      03.12.2018 -ൽ മറുപടിയ്ക്ക്

### ഭവന നിർമ്മാണ ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, അനൂപ് ജേക്കബ് : | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(ബഹു. റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) ഭവന നിർമ്മാണ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ; | (എ) ഭവന നിർമ്മാണ ബോർഡു മുഖാന്തിരം താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്.<br><br>1. ഗൃഹശ്രീ ഭവന പദ്ധതി<br><br>സ്വന്തമായി 2 സെന്റ് / 3 സെന്റ് ഭൂമിയുള്ള/ റവന്യൂ വകുപ്പിൽ നിന്നും സ്വന്തം പേരിൽ ഭൂമി ലഭ്യമായിട്ടുള്ള ദുർബ്ബല വിഭാഗം/താഴ്ന്ന വരുമാന വിഭാഗത്തിൽപ്പെട്ടവർക്ക് സന്നദ്ധ സംഘടന /എൻ.ജി.ഒ/ കാരുണ്യവാന്മാരായ വ്യക്തികളുടെ സഹകരണത്തോടെ പരമാവധി 83 ച.മീ വിസ്തീർണ്ണമുള്ള വീട് നിർമ്മിക്കുന്നതിന് 2 ലക്ഷം രൂപ നിരക്കിൽ സർക്കാർ സബ്സിഡി ലഭ്യമാക്കുന്ന പദ്ധതിയാണ് ഗൃഹശ്രീ ഭവന പദ്ധതി. സർക്കാർ സബ്സിഡി തുക ബജറ്റിൽ വകയിരുത്തി ലഭ്യമാകുന്നുണ്ട്. ഒരു വീടിന്റെ നിർമ്മാണച്ചെലവായ 4 ലക്ഷം രൂപയിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1 ലക്ഷം രൂപ വീതം ഗുണഭോക്തൃ വിഹിതവും സന്നദ്ധ സംഘടനാ വിഹിതവുമാണ്. ടി 4 ലക്ഷം രൂപ നിർമ്മാണഘട്ട പരിശോധനയുടെ അടിസ്ഥാനത്തിൽ 4 ഗഡുക്കളായി വിതരണം ചെയ്യുന്നു.<br><br>2. സാഫല്യം ഭവന പദ്ധതി<br><br>സമൂഹത്തിലെ ഭൂ-ഭവന രഹിതരായ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ദുർബല വിഭാഗക്കാർക്ക് 2 ലക്ഷം രൂപ/വീട് നിരക്കിൽ സർക്കാർ സബ്സിഡിയായി വിനിയോഗിച്ചും സന്നദ്ധ സംഘടന/പഞ്ചായ |

ത്തിന്റെ സഹകരണത്തോടെയും സർക്കാർ/ പഞ്ചായത്ത് ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച നൽകുന്ന ഭവന പദ്ധതിയാണ് സാഫല്യം ഭവന പദ്ധതി. സർക്കാർ സബ്സിഡി ഇക ബഡ്ജറ്റിൽ വകയിരുത്തി ലഭ്യമായിരുന്നു. ഫ്ലാറ്റ് ഒന്നിന് 3.5 ലക്ഷം രൂപ നിർമ്മാണച്ചെലവിൽ 2 ലക്ഷം രൂപ സർക്കാർ സബ്സിഡിയും 1 ലക്ഷം രൂപ പഞ്ചായത്ത് വിഹിതവും 25,000/- രൂപ വീതം ഉപഭോക്തൃ വിഹിതവും സന്നദ്ധ സംഘടനാ വിഹിതവുമാണ്. പദ്ധതിയിലൂടെ പാലക്കാട് ജില്ലയിൽ ലക്കിടി പേരൂരിൽ 24 ഫ്ലാറ്റുകൾ നിർമ്മിച്ച വരുന്നു.

3. <u>സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി</u>

സർക്കാർ ജീവനക്കാർക്ക് ക്വാർട്ടേഴ്സ് ആയി അലോട്ട് ചെയ്യുന്നതിനായി സർക്കാർ ഭൂമിയിൽ ഫ്ലാറ്റുകൾ നിർമ്മിച്ച് റവന്യൂ വകുപ്പിന് കൈമാറുന്ന പദ്ധതിയാണിത്. സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതം ഉപയോഗിച്ചാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയിലൂടെ കാസർ ഗോഡ് ജില്ലയിൽ കാഞ്ഞങ്ങാട് 12 ഫ്ലാറ്റുകളുടെ നിർമ്മാണം നടപ്പിലാക്കി വരുന്നു.

4. <u>വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി</u>

സംസ്ഥാനത്ത് വനിത ജീവനക്കാർക്ക് മിതമായ ചെലവിൽ സുരക്ഷിതവും സൗകര്യ പ്രദവുമായി താമസിക്കുന്നതിന് സൗകര്യം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കി വരുന്നത്. കേന്ദ്ര സർക്കാരിന്റേയും സംസ്ഥാന സർക്കാരിന്റേയും ധനസഹായത്തോടെ യാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. വയനാട് ജില്ലയിൽ മാനന്തവാടിയിൽ 169 കിടക്കകളുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റൽ നിർമ്മിച്ച വരുന്നു. കോട്ടയത്ത് ഗാന്ധിനഗറിലും (139 കിടക്കകൾ) ഇടുക്കിയിൽ പീരുമേട്ടും (91 കിടക്കകൾ) തിരുവനന്തപുരത്ത് പൗണ്ട് കടവിലും (1296 കിടക്കകൾ) വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു.

5. <u>പാരസ്പര്യം മാതൃകയിൽ നടപ്പിലാക്കുന്ന ഫ്ലാറ്റ്/വാണിജ്യ സമുച്ചയ പദ്ധതികൾ</u>

ബോർഡിന്റെ ഉടമസ്ഥതയിലുള്ള ഭൂമികളിൽ ഉപഭോക്താക്കളിൽ നിന്നും വിൽപ്പന വില മുൻകൂറായി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ സമാഹരിച്ചു കൊണ്ട് നടപ്പിലാക്കുന്ന ഫ്ലാറ്റ്/വാണിജ്യ സമുച്ചയ പദ്ധതികൾ ബോർഡ് നടപ്പിലാക്കുന്നുണ്ട്.

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ താഴെപ്പറയുന്ന പദ്ധതികൾ കൂടി നടപ്പിലാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുണ്ട്.

i. <u>ലൈഫ് പദ്ധതിയിൻ കീഴിൽ ഹൗസിംഗ് കോംപ്ലക്സുകൾ</u>

2018-19 വർഷത്തിൽ വകയിരുത്തിയിട്ടുള്ള ബജറ്റ് വിഹിതം വിനിയോഗിച്ച് ലൈഫ് പദ്ധതിയിലൂടെ കണ്ണൂർ ജില്ലയിൽ പട്ടുവത്തും കോഴിക്കോട് ജില്ലയിൽ മുക്കത്തും ഹൗസിംഗ് കോംപ്ലക്സുകൾ സർക്കാർ അംഗീകാരത്തോടെ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ii. <u>ആശ്വാസ് വാടക വീട് പദ്ധതി</u>

മെഡിക്കൽ കോളേജിൽ ചികിത്സ തേടുന്ന രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വാടകയ്ക്ക് താമസ സൗകര്യം ലഭ്യമാക്കുവാൻ ഉദ്ദേശിച്ചു കൊണ്ടുള്ള ഈ പദ്ധതി ആലപ്പുഴ മെഡിക്കൽ കോളേജ് ക്യാമ്പസിനുള്ളിൽ കണ്ടെത്തിയിട്ടുള്ള ഭൂമിയിൽ രൂപകൽപ്പന ചെയ്തിട്ടുണ്ട്.

iii. <u>റവന്യൂ ടവർ/മിനി സിവിൽ സ്റ്റേഷൻ/ വിദ്യാഭ്യാസ കോംപ്ലക്സ് പദ്ധതികൾ</u>

a. <u>കടകംപള്ളി റവന്യൂ ടവർ പദ്ധതി</u> -

നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

b. <u>പുനലൂർ വിദ്യാഭ്യാസ കോംപ്ലക്സ് പദ്ധതി</u> -

ടി പദ്ധതി റവന്യൂ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| c. വെള്ളരിക്കുണ്ട് മിനി സിവിൽ സ്റ്റേഷൻ പദ്ധതി | വെള്ളരിക്കുണ്ട് കുമിളി, മട്ടന്നൂർ തുടങ്ങിയ പദ്ധതികൾ റവന്യൂ വകുപ്പ് മുഖേന കിഫ്ബി ധനസഹായം ഉപയോഗിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| d. കുമളി റവന്യൂ ടവർ | |
| e. മട്ടന്നൂർ റവന്യൂ ടവർ പദ്ധതി | |

iv. <u>ലക്ഷം വീടുകളുടെ പുനർ നിർമ്മാണം -</u>

ശോചനീയവസ്ഥയിലുള്ള 154 ലക്ഷം വീടുകളുടെ പുനർ നിർമ്മാണം, ലക്ഷം വീട് ബമ്പർ ലോട്ടറിയുടെ അറ്റാദായമായ 6.16 കോടി രൂപ വിനിയോഗിച്ച് ഓരോ വീടിനും 4 ലക്ഷം രൂപ നിരക്കിൽ ധനസഹായം നൽകിക്കൊണ്ട് നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിലേക്കായി 1.5 കോടി രൂപ ഭവന നിർമ്മാണ ബോർഡിന്റെ ശീർഷകത്തിൽ അധിക ധനാനുമതിയായി അനുവദിച്ച തുക റിലീസ് ചെയ്ത് ഉത്തരവായിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികളിൽ ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്ന രീതി വിശദമാക്കാമോ;

(ബി) ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്ന രീതി ചുവടെ ചേർക്കുന്നു.

1. <u>ഗൃഹശ്രീ ഭവന പദ്ധതി</u>

സ്വന്തമായി 2 സെന്റ്/3 സെന്റ് ഭൂമിയെങ്കിലും സ്വന്തമായിട്ടുള്ളതോ, റവന്യൂ വകുപ്പിൽ നിന്നോ പഞ്ചായത്തിൽ നിന്നോ ഭൂമി ലഭ്യമായിട്ടുള്ളവരായ ദുർബ്ബല/താഴ്ന്ന വിഭാഗത്തിലുള്ളവർക്ക് അവരുടെ വാർഷിക വരുമാനം 1 ലക്ഷം രൂപ അധികരിക്കാത്തവർക്ക് വേണ്ടി സ്പോൺസർ വിഹിതം അടയ്ക്കുവാൻ താൽപ്പര്യമുള്ള സന്നദ്ധ സംഘടന/എൻ.ജി.ഒ/ കാരുണ്യവാന്മാരായ വ്യക്തികളുള്ള പക്ഷം അപേക്ഷ സമർപ്പിക്കുകയും സർക്കാർ സബ്സിഡി തോത് അനുസരിച്ച് ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുകയും ചെയ്യുന്നു.

2. <u>സാഫല്യം ഭവന പദ്ധതി</u>

പദ്ധതി പ്രദേശം ഉൾപ്പെടുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെയോ സമീപങ്ങളിലുള്ള തദ്ദേശ സ്വയം ഭരണ

സ്ഥാപനങ്ങളിലേയോ ദുർബല വിഭാഗത്തിൽ പ്പെട്ട ഭൂരഹിതരായ ഗുണഭോക്താക്കളെ ബെനിഫിഷ്യറി സെലക്ഷൻ കമ്മിറ്റി തെരെഞ്ഞെടുക്കുന്നതാണ്. ബോർഡിന്റെ ബന്ധപ്പെട്ട ഡിവിഷനിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ/അദ്ദേഹം നിശ്ചയിക്കുന്ന ഉദ്യോഗസ്ഥർ, പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ വാർഡ് മെമ്പർ / കൗൺസിലർ, തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലെ സെക്രട്ടറി/അദ്ദേഹം നിയോഗിക്കുന്ന ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടുന്നതാണ് ബെനിഫിഷ്യറി സെലക്ഷൻ കമ്മിറ്റി. ജില്ലാതലത്തിൽ ഭൂരഹിത ഭവന രഹിതരായവരുടെ ഡാറ്റാ ബാങ്ക് രൂപീകരണത്തിനായി പദ്ധതി നടപ്പിലാക്കുന്ന ജില്ലകളിൽ പൊതു ജനങ്ങൾക്ക് രജിസ്ട്രേഷൻ സൗകര്യം നൽകിയിരുന്നു. ഇവരിൽ നിന്നാണ് ഗുണഭോക്താക്കളെ സെലക്ഷൻ കമ്മിറ്റി തെരെഞ്ഞെടുക്കുന്നത്.

3. സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കുള്ള ഭവന പദ്ധതി

ഈ പദ്ധതിയിലൂടെ നിർമ്മിക്കുന്ന ഫ്ലാറ്റുകൾ റവന്യൂ വകുപ്പിനു കൈമാറുന്നതിനാൽ അലോട്ട്മെന്റ് നടത്തുന്നത് റവന്യൂ വകുപ്പാണ്.

4. വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പദ്ധതി

പദ്ധതി പൂർത്തീകരണത്തിനു ശേഷം പരസ്യം നൽകി ആവശ്യക്കാരെ കണ്ടെത്തുന്നതാണ്.

5. പാരസ്പര്യം മാതൃകയിൽ നടപ്പിലാക്കുന്ന ഫ്ലാറ്റ്/വാണിജ്യ സമുച്ചയ പദ്ധതികൾ

പദ്ധതിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങുന്നതിന് മുമ്പ് തന്നെ വിപുലമായ പരസ്യം നൽകി ഉപഭോക്താക്കളെ മുൻകൂറായി രജിസ്ട്രേഷൻ നടപടി ക്രമങ്ങളിലൂടെ കണ്ടെത്തുന്നതാണ്.

6. ലൈഫ് പദ്ധതിയിലൂടെ നിർമ്മിക്കുന്ന ഫ്ലാറ്റുകൾ

പദ്ധതി പൂർത്തീകരണത്തിനു ശേഷം ഭൂമിയുൾപ്പെടെ കെട്ടിടം തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന് കൈമാറുന്നതാണ്. ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണഭോക്താക്കളെ കണ്ടെത്തി ഫ്ളാറ്റുകൾ അലോട്ട് ചെയ്യുന്ന ചുമതല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.

7. ആശ്വാസ് വാടക വീട് പദ്ധതി

മെഡിക്കൽ കോളേജുകളുടെ കൈവശമുള്ള ഭൂമിയിൽ നടപ്പിലാക്കുന്ന പദ്ധതിയുടെ നടത്തിപ്പ് ചുമതല മെഡിക്കൽ കോളേജ് അധികൃതരിൽ നിക്ഷിപ്തമാണ്.

8. റവന്യൂ ടവർ/മിനി സിവിൽ സ്റ്റേഷൻ/ വിദ്യാഭ്യാസ കോംപ്ലക്സ് പദ്ധതികൾ

നിർമ്മാണ ശേഷം കെട്ടിടം റവന്യൂ വകുപ്പിനു കൈമാറുന്നതാണ്.

9. ലക്ഷം വീടുകളുടെ പുനർ നിർമ്മാണം

ശോചനീയാവസ്ഥയിലുള്ള ലക്ഷം വീടുകളുടെ വിവരശേഖരണത്തിലൂടെ അർഹമായ ഗുണഭോക്താക്കളെ പഞ്ചായത്തുകൾ മുഖേന കണ്ടെത്തുന്നതാണ്.

(സി) ഈ സർക്കാർ നാളിതുവരെ വിവിധ ഭവന നിർമ്മാണ പദ്ധതികളിലൂടെ എത്ര പേർക്ക് വീട് നൽകി എന്ന് വിശദമാക്കാമോ?

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂർത്തീകരിച്ച നൽകിയ വീടുകളുടെ/ ഫ്ളാറ്റുകളുടെ എണ്ണം ചുവടെ ചേർക്കുന്നു.

i. ഇന്നൊവേറ്റീവ് ഭവന പദ്ധതി-

തിരുവനന്തപുരത്ത് പൂജപ്പുരയിൽ ഘട്ടം 3, 4 ആയി 48 ഫ്ലാറ്റുകൾ നിർമ്മിച്ച് കൈമാറിയിട്ടുണ്ട്.

ii. സർക്കാർ ഭൂമിയിൽ സർക്കാർ ജീവനക്കാർക്കായുള്ള ഭവന പദ്ധതി-

ഈ പദ്ധതി പ്രകാരം കാസർഗോഡ് മൂന്നാംഘട്ടമായി 12 ഫ്ലാറ്റുകൾ നിർമ്മിച്ച് 19.12.2016-ന് കൈമാറിയിട്ടുണ്ട്.

iii. സാഫല്യം ഭവന പദ്ധതി-

ഈ പദ്ധതി പ്രകാരം എറണാകുളം ചോറ്റാനിക്കരയിൽ 24 ഫ്ലാറ്റുകൾ നിർമ്മിച്ച് 27.07.2016-ന് ചോറ്റാനിക്കര ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്.

iv. ഗൃഹശ്രീ ഭവന പദ്ധതി

ഗൃഹശ്രീ ഭവന പദ്ധതി പ്രകാരം സർക്കാർ സബ്സിഡിയോടു കൂടി 2815 വീടുകൾ ഇതിനകം പൂർത്തീകരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

ലൈഫ് പദ്ധതി പ്രകാരം 78565 പേർക്ക് വീടു നൽകുന്നതിന് കരാർവെച്ചു. ആയതിൻ പ്രകാരം 354 പേർ നിർമ്മാണം പൂർത്തീകരിച്ചു.

Subha S

സെക്ഷൻ ഓഫീസർ